**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2696 **09.03.2017**-ലെ മറുപടിക്ക്

<u>അംബേദ്കർ ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.കെ.രാജൻ<br>ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി അംബേദ്കർ ഗ്രാമം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പട്ടികജാതി കോളനികളുടെ വികസനത്തിനായി അംബേദ്ക്കർ ഗ്രാമം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ബി) | നാല്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും, വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളിൽ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി ടി കോളനികളെ മെച്ചപ്പെടുത്തുവാനാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | എത്ര സങ്കേതങ്ങളിൽ എത്രകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നതെന്ന് അറിയിക്കാമോ? | (സി) | ഒരു നിയമസഭാ മണ്ഡലത്തിലെ അടിസ്ഥാനസൗകര്യവികസനം ആവശ്യമുള്ള 2 പട്ടികജാതി കോളനികൾ വീതം തെരഞ്ഞെടുത്ത് 280 പട്ടികജാതി സങ്കേതങ്ങൾ വികസിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഓരോ കോളനിയുടെയും വികസന പ്രവർത്തനങ്ങൾക്കായി 1,00,00,000/-രൂപ വീതം ചെലവഴിക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ